## പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 124** | **08.10.2021 ൽ മറുപടിയ്ക്ക്**

## സങ്കരയിനം തെങ്ങിൻതൈകളുടെ ഉല്പാദനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.കെ. ബഷീർ**<br>**ശ്രീ. കുറുക്കോളി മൊയ്തീൻ**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | **ശ്രീ.പി. പ്രസാദ്**<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക സർവ്വകലാശാല സംഭരിക്കുന്ന വിത്തുതേങ്ങകൾക്ക് ഗുണനിലവാരമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഇല്ല |
| **(ബി)** സംസ്ഥാനത്തെ കർഷകരിൽ നിന്നും ഗുണമേന്മയുള്ള വിത്തുതേങ്ങ ശേഖരിക്കുന്നുണ്ടോ; വിശദമാക്കുമോ; | **(ബി)** ഉണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും ഗുണമേന്മയുള്ള വിത്തു തേങ്ങ സംഭരണം നടത്തി വരുന്നു. കൃഷി വകുപ്പിനു കീഴിലുള്ള വിത്തു തേങ്ങ സംഭരണ യൂണിറ്റുകളായ സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, വടകര (കോഴിക്കോട് ജില്ല), സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, ചാവക്കാട് (തൃശ്ശൂർ ജില്ല), ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട് (കണ്ണൂർ ജില്ല) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നുള്ള തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി വിത്തു തേങ്ങ ശേഖരിക്കുന്നു. സംസ്ഥാനത്തെ കർഷകരിൽ നിന്നും പശ്ചിമതീര നെടിയയിനം (West Coast Tall-Wet), കുറിയയിനം, |

സങ്കരയിനം (ടി x ഡി, ഡി x ടി) എന്നിവയുടെ വിത്തുതേങ്ങയാണ് സംഭരിക്കുന്നത്.

നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം വിത്തു തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്കും അനുബന്ധ ചെലവുകൾക്കുമായി 1391 ലക്ഷം രൂപയാണ് 2021-22 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. 12 ലക്ഷം നെടിയ ഇനവും 1 ലക്ഷം കുറിയ ഇനവും 3 ലക്ഷം സങ്കര ഇനവും ശേഖരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വടകര വിത്തു വികസന യൂണിറ്റിന്റെ മേൽനോട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, വടകര മേഖലകളിൽ നിന്നാണ് WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ പ്രധാനമായും സംഭരിക്കുന്നത്. കൂടാതെ, തൃശ്ശൂർ ജില്ലയിൽ നിന്നും കാസറഗോഡ് ജില്ലയിൽ നിന്നും WCT വിത്തുതേങ്ങാ സംഭരണം നടത്തുന്നു. തൃശ്ശൂർ ചാവക്കാട് പ്രദേശത്തും മലപ്പുറം ജില്ലയിൽ വിത്ത് കൃഷിത്തോട്ടം മുണ്ടേരി, പെരുമ്പടമ്പ പ്രദേശങ്ങളിൽ നിന്നും കാസറഗോഡ് ജില്ലയിലുമാണ് സങ്കരയിനം വിത്തുതേങ്ങ ഉൽപ്പാദനത്തിനായുള്ള സങ്കരണ പ്രവർത്തനങ്ങൾ നടത്തി ടിx ഡി, ഡിx ടി ഇനത്തിൽപെട്ട സങ്കരയിനം വിത്തുതേങ്ങ ഉത്പാദിപ്പിച്ചു വരുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കർഷകരുടെ കൃഷിത്തോട്ടങ്ങളിലെ ലഭ്യമായ നല്ലയിനം കുറിയയിനം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് അവയിൽ നിന്നും കുറിയയിനം വിത്തുതേങ്ങകളുടെ ശേഖരണവും നടത്തുന്നു.

(സി) ഉയരം കുറഞ്ഞ ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം തെങ്ങിൻ തൈകൾ കൂടുതൽ

(സി) ഇടത്തരം ഉയരമുള്ള അത്യുൽപ്പാദനശേഷിയുള്ള സങ്കര ഇനം തെങ്ങിൻ തൈകൾ കാർഷിക സർവ്വകലാശാല ഉൽപാദിപ്പിച്ച് വിതരണം

| | |
|---|---|
| ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | ചെയ്യുന്നുണ്ട്. ഈ വർഷം ഇപ്രകാരം 45000 തൈകൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഉയരം കുറഞ്ഞ ഉത്പാദനശേഷി കൂടിയ സങ്കരയിനം തെങ്ങിൻതൈകൾ കൂടുതൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വിത്തുതേങ്ങാ സംഭരണ കാലയളവിൽ ശേഖരിച്ച 65554 എണ്ണം ഡി x ടി, 66598 എണ്ണം ടി x ഡി വിത്തുതേങ്ങകൾ കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളിൽ പാകി തൈകളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021 വിത്തു തേങ്ങാ സംഭരണ കാലയളവിൽ 3 ലക്ഷം സങ്കരയിനം വിത്തുതേങ്ങയും, ഒരു ലക്ഷം കുറിയയിനം വിത്തുതേങ്ങയും സംഭരിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. വരും വർഷങ്ങളിൽ ഉയരം കുറഞ്ഞ ഉത്പാദനശേഷി കൂടിയ സങ്കരയിനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൃഷിവകുപ്പ് ഫാമുകളിലും കർഷകരുടെ കൃഷിയിടങ്ങളിലും കുറിയ ഇനം തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാളികേര വികസന കൗൺസിൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഈ വർഷം ആവശ്യമുള്ള വിത്ത് തേങ്ങകളുടെ സിംഹഭാഗവും സംസ്ഥാനത്തെ നാളികേര കർഷകരിൽ നിന്നു തന്നെയാണ് സംഭരിച്ചിട്ടുള്ളത് ഈ വർഷം 2,32,109 വിത്ത് തേങ്ങ ഇപ്രകാരം സംഭരിച്ച് പാകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്.

കാർഷിക സർവ്വകലാശാലയിൽ വിത്ത് തേങ്ങ സംഭരിക്കുന്നതിനായി രൂപീകരിച്ച വിത്തുതേങ്ങ സംഭരണ സമിതി തെങ്ങിൻ തോട്ടങ്ങൾ സന്ദർശിച്ച് തെരഞ്ഞെടുക്കപ്പെട്ട മാതൃവൃക്ഷങ്ങളിൽ നിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണമേന്മയുള്ള വിത്ത് തേങ്ങ മാത്രമാണ് സംഭരിച്ചുവരുന്നത്. തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്ന കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും കേന്ദ്രമേധാവി രൂപം കൊടുക്കുന്ന സമിതികൾ കേരളത്തിലെ കർഷകരുടെ തോട്ടങ്ങൾ സന്ദർശിച്ച് ഗുണനിലവാരമുള്ള മാതൃവൃക്ഷങ്ങളിൽ നിന്നും ലഭ്യമാകുന്ന തോതിൽ വിത്ത് തേങ്ങകൾ ശേഖരിക്കുന്നുണ്ട്. ഇപ്രകാരം ഈ വർഷം 2,32,109/- വിത്ത് തേങ്ങകൾ കേരളത്തിലെ നാളികേര കർഷകരിൽ നിന്നും സംഭരിച്ച് പാകിയിട്ടുണ്ട്. കൂടാതെ സങ്കരയിനം തെങ്ങിൻതൈകളും സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോക്കനട്ട് നഴ്സറി മാനുവലിലും കേരള കാർഷിക സർവ്വകലാശാലയുടെ 'പാക്കേജ് ഓഫ് പ്രാക്ടീസ് റെക്കമെൻഡേഷനിലും അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് കൃഷി വകുപ്പ് കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിത്തുതേങ്ങാ സംഭരണത്തിനുള്ള മാതൃവൃക്ഷം തെരഞ്ഞെടുക്കുന്നതു മുതൽ തൈകൾ വിതരണത്തിന് തയ്യാറാക്കുന്നതു വരെ വിവിധ ഘട്ടങ്ങളിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നു.

ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിലാണ് വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങളും സങ്കരയിനം വിത്തുതേങ്ങ ഉല്പാദിപ്പിക്കുന്നതിനുള്ള സങ്കരണ പ്രവർത്തനങ്ങളും നടത്തുന്നത്. കർഷകരുടെ കൃഷിയിടങ്ങളിലുള്ള അത്യുത്പാദന ശേഷിയുള്ളതും കൃത്യമായി കായ്ഫലം നൽകുന്നതും, 20-50 വർഷം പ്രായമുള്ളതും, കരുത്തുറ്റ ഓലകളുള്ളതും, 80 തേങ്ങയിൽ കുറയാതെ നൽകുന്നതും, ഓരോ തേങ്ങയിൽ നിന്നും 150 ഗ്രാമിൽ കുറയാതെ കൊപ്ര ലഭിക്കുന്നതും മീഡിയം വലുപ്പമുള്ള തേങ്ങ നൽകുന്നതുമായ ഉത്തമമായ മാതൃവൃക്ഷങ്ങൾ മാത്രം തെരഞ്ഞെടുത്ത് പെയിന്റ് ചെയ്ത് അടയാളപ്പെടുത്തുകയും ചെയ്യുന്നു. അത്തരം മാതൃവൃക്ഷങ്ങളിൽ നിന്നും കയർ കെട്ടിയിറക്കി വിളവെടുക്കുന്ന തേങ്ങകളിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നല്ലതുമാത്രം തെരഞ്ഞെടുത്ത് സീൽ ചെയ്യുന്നു. ഇപ്രകാരം സീൽ ചെയ്ത വിത്തുതേങ്ങ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിൽ പാകി തൈകളാക്കുന്നതിന് നൽകുന്നു.

മാതൃവൃക്ഷമായി കുറിയയിനം തെരഞ്ഞെടുത്തുകൊണ്ട് സങ്കരണ പ്രവർത്തനങ്ങൾ നടത്തി ഡി x ടി വിത്തുതേങ്ങയും മാതൃവൃക്ഷമായി നെടിയയിനം തെങ്ങുകൾ തെരഞ്ഞെടുത്ത് സങ്കരണം നടത്തി ടി x ഡി വിത്തുതേങ്ങയും ഉത്പാദിപ്പിക്കുന്നു. കാസറഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളായ തൈക്കടപ്പുറം, അഴിത്തല എന്നീ പ്രദേശങ്ങളിലും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, അയ്യന്തോൾ, നാട്ടിക എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പ്രദേശത്തുമുള്ള കർഷകരുടെ തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ സങ്കരണ പ്രവർത്തനങ്ങൾ നടത്തിയാണ് ഹൈബ്രിഡ് വിത്തുതേങ്ങ ഉല്പാദിപ്പിക്കുന്നത്. നിലവിൽ ഡി x ടി വിത്തുതേങ്ങ ഉത്പാദനത്തിനായി കർഷകരുടെ കൃഷിയിടങ്ങളിലെ തെരഞ്ഞെടുത്ത 100 മുതൽ 110 എണ്ണം കുറിയയിനം മാതൃവൃക്ഷങ്ങൾ ഉൾപ്പെടുന്ന 35 ഹൈബ്രിഡൈസേഷൻ യൂണിറ്റുകളും, ടി x ഡി വിത്തുതേങ്ങ ഉത്പാദനത്തിനായി 400 നെടിയയിനം മാതൃവൃക്ഷങ്ങൾ ഉൾപ്പെടുന്ന 5 യൂണിറ്റുകളുമാണുള്ളത്. കൂടാതെ മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിലും 250-ഓളം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് സങ്കരയിനം വിത്തുതേങ്ങ ഉത്പാദിപ്പിച്ചുവരുന്നു.

പശ്ചിമതീര നെടിയയിനം വിത്തു തേങ്ങ (WCT) കുറ്റ്യാടി മേഖലയിലെ കാവിലും പാറ, മരുതോംകര, കായക്കൊടി, ചക്കിട്ടപ്പാറ, കോട്ടൂർ, കായണ്ണ, പനങ്ങാട്, കൂരാച്ചുണ്ട് പ്രദേശങ്ങളിലെ തെരഞ്ഞെടുത്ത 60,000-ത്തിലധികം മാതൃവൃക്ഷങ്ങളിൽ നിന്നും, തൃശ്ശൂർ ജില്ലയിലെ 10,000 ലധികം മാതൃവൃക്ഷങ്ങളിൽ നിന്നും, കാസറഗോഡ് ജില്ലയിലെ ഉദുമ, വലിയപറമ്പ, നീലേശ്വരം പ്രദേശങ്ങളിലെ 4000-ലധികം മാതൃവൃക്ഷങ്ങളിൽ നിന്നുമാണ് ശേഖരിക്കുന്നത്.

കഴിഞ്ഞ 4 വർഷക്കാലം കൃഷി വകുപ്പ് മുഖേന ശേഖരിച്ച വിത്തു തേങ്ങയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ശേഖരിച്ച വിത്തുതേങ്ങയുടെ എണ്ണം | | | |
|---|---|---|---|---|
| | WCT | കുറിയ ഇനം | സങ്കര ഇനം | ആകെ |
| 2017-18 | 483132 | 88080 | 16309 | 587521 |
| 2018-19 | 488401 | 17866 | 121833 | 628100 |
| 2019-20 | 977980 | 14899 | 139417 | 1132296 |
| 2020-21 | 1215577 | 67483 | 132152 | 1415212 |

നിലവിൽ WCT, കുറിയ ഇനം വിത്തുതേങ്ങ 70/- രൂപ നിരക്കിലും, സങ്കരയിനം വിത്തുതേങ്ങ 75/- രൂപ നിരക്കിലുമാണ് കർഷകരിൽ നിന്നും സംഭരിച്ചുവരുന്നത്.

നടപ്പ് സാമ്പത്തിക വർഷം 16 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2020-21 വർഷത്തിൽ സംഭരിച്ച 14,15,212 എണ്ണം വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകിയിട്ടുണ്ട്. ഇവയിൽ നിന്നും ഏകദേശം 10 ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ 2022 നടീൽ സീസണിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

നാളികേര വികസന പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേന ഉത്പാദിപ്പിച്ച് വിതരണം ചെയ്ത തെങ്ങിൻതൈകളുടെ എണ്ണം ഇതോടൊപ്പമുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| വർഷം | നെടിയ ഇനം | കുറിയ ഇനം | സങ്കര ഇനം | ആകെ എണ്ണം |
|---|---|---|---|---|
| 2019-20 | 222751 | 32493 | 95781 | 351025 |
| 2020-21 | 606967 | 29217 | 120986 | 757170 |
| 2021-22 | 910518 | 33496 | 129608 | 1073622 |

സെക്ഷൻ ഓഫീസർ